
ലേഖനം

അബ്ദുല്ലത്വീഫ് കൊടുവള്ളി

# ഹജ്ജും ദഅ്‌വത്തും

"താങ്കളെ നാം എല്ലാ ജനങ്ങൾക്കും സുവിശേഷകനും മുന്നറിയിപ്പുകാരനുമായി ട്ടല്ലാതെ അയച്ചിട്ടില്ല" (*സബഅ്*28). സുവിശേഷകനും മുന്നറിയിപ്പുകാരനുമായി അയച്ചു എന്നല്ല, 'അങ്ങനെയായല്ലാതെ അയച്ചിട്ടില്ല' എന്ന പ്രയോഗം പ്രവാചകന്മാരുടെ ദൗത്യം അതുതന്നെയായിരുന്നു എന്ന് ഉറപ്പിക്കുന്നുണ്ട്.



**ലോകത്തുവന്ന** എല്ലാ പ്രവാചകന്മാരുടെയും മുഖ്യദൗത്യം ഇസ്‌ലാമിക പ്രബോധനമായിരുന്നു. "ദൂതന്മാരെ സുവിശേഷകരും മുന്നറിയിപ്പുകാരുമായല്ലാതെ നാം അയച്ചിട്ടില്ല" (*അൽ അൻആം* 48, *അൽകഹ്ഫ്* 56). "താങ്കളെ നാം എല്ലാ ജനങ്ങൾക്കും സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടല്ലാതെ അയച്ചിട്ടില്ല" (*സബഅ്* 28). സുവിശേഷകരും മുന്നറിയിപ്പുകാരുമായി അയച്ചു എന്നല്ല, 'അങ്ങനെയായല്ലാതെ അയച്ചിട്ടില്ല' എന്ന പ്രയോഗം പ്രവാചകന്മാരുടെ ദൗത്യം അതുതന്നെയായിരുന്നു എന്ന് ഉറപ്പിക്കുന്നുണ്ട്. ഇനിയും കാണുക: "ദൂതരേ, താങ്കളുടെ നാഥനിൽനിന്ന് താങ്കൾക്ക് അവതരിച്ചുകിട്ടിയത് താങ്കൾ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കണം. അത് ചെയ്തില്ലെങ്കിൽ അവന്റെ ദൗത്യം താങ്കൾ എത്തിച്ചുകൊടുത്തിട്ടില്ല" (*അൽമാഇദ* 67).

ചില കേന്ദ്രങ്ങൾ ഈയിടെ ഇസ്‌ലാമിക ദഅ്‌വത്ത് മുസ്‌ലിംകളുടെ ചുമതലയല്ലെന്നും ഉണ്ടെങ്കിൽതന്നെ അതിന് അത്ര പ്രാധാന്യമില്ലെന്നും എഴുതിവിട്ടെങ്കിലും, ഇസ്‌ലാമിനെക്കുറിച്ച് പ്രാഥമിക ധാരണ ഉള്ളവർക്കെല്ലാം ഇസ്‌ലാമിക ദഅ്‌വത്ത് മുസ്‌ലിം സമുദായത്തിന്റെ മൗലിക ബാധ്യതയാണെന്നറിയാം. "ഇവ്വിധം നിങ്ങളെ നാം ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങളുടെ മേൽ സാക്ഷികളാകാൻ. ദൈവദൂതൻ നിങ്ങൾക്കു സാക്ഷിയാകാനും" (*അൽബഖറ* 143). "നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ പാത പിന്തുടരുക. പണ്ടേതന്നെ അല്ലാഹു നിങ്ങളെ മുസ്‌ലിംകളെന്നു വിളിച്ചിരിക്കുന്നു. ഈ ഖുർആനിലും അതുതന്നെയാണ് വിളിപ്പേര്. ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകാനാണിത്. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാകാനും" (*അൽഹജ്ജ്* 78). ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ നബി(സ) കാണിച്ച ഉത്സാഹവും, ബന്ധുക്കൾ, മിത്രങ്ങൾ, നാട്ടുകാർ, മക്കയിലെത്തുന്ന വിദേശികൾ മുതലായവരെ ഇസ്‌ലാമിലെത്തിക്കാൻ അദ്ദേഹം സഹിച്ച ത്യാഗങ്ങളും ഖുർആനിലും പ്രവാചകചരിത്രത്തിലും തെളിഞ്ഞു കിടപ്പുണ്ട്.

ഹജ്ജ് വേളയായിരുന്നു പ്രവാചകൻ ദഅ്‌വത്തിനായി തെരഞ്ഞെടുത്ത ഒരു സവിശേഷ സന്ദർഭം. വിവിധ നാടുകളിൽനിന്ന് മക്കയിലെത്തുന്നവരെ അവരുടെ താമസസ്ഥലങ്ങളിൽ ചെന്ന് നേരിൽകണ്ട് പ്രബോധനം നടത്തുമായിരുന്നു അദ്ദേഹം. ഹജ്ജിനെ ഒരു ആരാധനയായി മാത്രം മനസ്സിലാക്കുകയും അതിനു വേണ്ടി മാത്രം മക്കയിൽ പോവുകയും ചെയ്യുന്ന മുസ്‌ലിംകൾ, ഇബ്റാഹീം മുഹമ്മദ് നബിമാരുടെ മാതൃക പിന്തുടർന്ന് പ്രബോധനരംഗത്ത് തങ്ങളാലാവുന്ന പങ്കാളിത്തം വഹിച്ചിരുന്നെങ്കിൽ ലോകത്ത് എന്തെന്ത് മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു! ഹജ്ജിനു പോകുന്നതിനു മുമ്പോ ശേഷമോ ഈ വക കാര്യങ്ങളെക്കുറിച്ചൊന്നും പൊതുവെ ഹാജിമാർ ബോധവാന്മാരല്ല. എന്തിനധികം, സ്വസമുദായത്തിന്റെ സംസ്കരണത്തിൽ പോലും ഇവർ തൽപരരല്ല എന്നതാണ് വാസ്തവം.

ഹജ്ജും ദഅ്‌വത്തും തമ്മിൽ അഭേദ്യബന്ധമുണ്ട്. മൂന്നു വർഷം രഹസ്യപ്രബോധനം നടത്തിയ നബി(സ) നാലാം

വർഷം മുതൽ പത്തു വർഷക്കാലം ഉക്കാദ്, മിജന്ന, ദുൽമ ജാസ് മുതലായ സ്ഥലങ്ങളിൽ തമ്പടിക്കുന്ന ഹാജിമാരെ നേരിൽ കണ്ട് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ഇസ്‌ലാമിക ദഅ്‌വത്ത് നടത്താൻ ആവശ്യമായ പിന്തുണ തേടുകയും ചെയ്തുകൊണ്ടിരുന്നു. ഓരോ ഗോത്രവും വെവ്വേറെ ഇടങ്ങളിലായിരുന്നു തമ്പടിച്ചിരുന്നത്. അവരെ പ്രത്യേകം ചെന്നു കാണുകയായിരുന്നു രീതി. ഒരു വർഷം തിരുമേനി ആമിറുബ്നു സ്വഅ്സ്വഅ വംശക്കാരെ ചെന്നു കണ്ട് ക്ഷണിച്ചു. അവർ ഇസ്‌ലാം സ്വീകരിച്ചില്ലെന്നു മാത്രമല്ല, അദ്ദേഹത്തെ ഉപദ്രവിക്കുകയും ചെയ്തു. പിന്നെ പോയത് മുഹാരിബുബ്നു ഖസ്ഫ വംശക്കാരുടെ അടുത്തേക്കാണ്. അവിടെ ഉണ്ടായിരുന്ന 120 വയസ്സുള്ള ഒരാളോട് നബി സംസാരിക്കുകയും അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു.

വൃദ്ധൻ പറഞ്ഞു: "നിന്നെയും കൊണ്ട് നാട്ടിലേക്ക് പോയാൽ, ഈ ഹജ്ജ്കാലത്ത് ഹാജിമാർ തങ്ങളുടെ നാടുകളിലേക്ക് കൊണ്ടുപോകുന്നതിൽ ഏറ്റവും ചീത്തയായിരിക്കും അത് . അതുകൊണ്ട് ഞങ്ങളെ ശല്യം ചെയ്യരുത്". വൃദ്ധന്റെ സംസാരം നബിയുടെ പിതൃസഹോദരനും ശത്രുവുമായ അബൂലഹബ് കേൾക്കുന്നുണ്ടായിരുന്നു. അബൂലഹബ്: "ഈ ഹജ്ജ്കാലത്ത് എല്ലാ ഹാജിമാരും താങ്കളെപ്പോലെ നിലപാടെടുത്തിരുന്നുവെങ്കിൽ മുഹമ്മദ് അവന്റെ മതം ഉപേക്ഷിക്കുമായിരുന്നു." വൃദ്ധൻ: "നിങ്ങൾക്കാണല്ലോ സഹോദരപുത്രനെ കുറിച്ച് നന്നായി അറിയുക.അവന് നേരിയ ഭ്രാന്തുണ്ടെന്നാണ് തോന്നുന്നത്. അവനെ ചികിത്സിക്കാൻ പറ്റിയ ഒരാൾ ഞങ്ങളുടെ ഗോത്രത്തിലുണ്ട്." നബി പോകുന്നേടത്തെല്ലാം ചെന്ന് അബൂലഹബ്, മുഹമ്മദ് പെരുങ്കള്ളനാണെന്ന് പെരുമ്പറയടിച്ചു നടന്നു.

**ഹജ്ജ് വേളയായിരുന്നു പ്രവാചകൻ ദഅ്‌വത്തിനായി തെരഞ്ഞെടുത്ത ഒരു സവിശേഷ സന്ദർഭം. വിവിധ നാടുകളിൽനിന്ന് മക്കയിലെത്തുന്നവരെ അവരുടെ താമസസ്ഥലങ്ങളിൽ ചെന്ന് നേരിൽകണ്ട് പ്രബോധനം നടത്തുമായിരുന്നു അദ്ദേഹം. ഹജ്ജിനെ ഒരു ആരാധനയായി മാത്രം മനസ്സിലാക്കുകയും അതിനു വേണ്ടിമാത്രം മക്കയിൽ പോവുകയും ചെയ്യുന്ന മുസ്‌ലിംകൾ, ഇബ്റാഹീം മുഹമ്മദ് നബിമാരുടെ മാതൃക പിന്തുടർന്ന് പ്രബോധനരംഗത്ത് തങ്ങളാലാവുന്ന പങ്കാളിത്തം വഹിച്ചിരുന്നെങ്കിൽ ലോകത്ത് എന്തെന്ത് മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു!**

* * * *

അബ്സ് ഗോത്രജൻ അബ്ദുല്ലാഹിബ്നു വാബിസ്വ ഉദ്ധരിക്കുന്നു: "മിനായിൽ മസ്ജിദുൽ ഖൈഫിനടുത്ത്, ജംറത്തുൽ ഊലായിൽ ഞങ്ങൾ വാഹനം ഇറങ്ങവെ, നബി(സ) വാഹനപ്പുറത്ത് അവിടെ എത്തി. നബിയുടെ പിന്നിൽ സൈദുബ്നു ഹാരിസയുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ദൈവമാണ, ഞങ്ങൾ ക്ഷണം സ്വീകരിച്ചില്ല. ഹജ്ജ് കാലത്ത് അദ്ദേഹം ആളുകളെ ക്ഷണിക്കുന്നതായി ഞങ്ങൾ നേരത്തെ കേട്ടിരുന്നു. പക്ഷേ, ഞങ്ങൾ അനുകൂലമായി പ്രതികരിച്ചില്ല. ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന മൈസറത്തുബ്നു മസ്റൂഖിൽ അബ്സി പറഞ്ഞു: 'ഇദ്ദേഹത്തെ നാം സത്യപ്പെടുത്തുകയും നാട്ടുകാരുടെ അടുത്തേക്ക് കൊണ്ടുപോവുകയുമാണെങ്കിൽ, ഞാൻ സത്യം ചെയ്തു പറയട്ടെ, അദ്ദേഹത്തിന്റെ സന്ദേശം എല്ലായിടത്തും ജയിച്ചുതന്നെയിരിക്കും.' അപ്പോൾ അദ്ദേഹത്തിന്റെ ഗോത്രക്കാർ പറഞ്ഞു: 'ഞങ്ങളെ വിടണം, നേരിടാൻ കഴിയാത്ത ദുരന്തത്തിലേക്ക് ഞങ്ങളെ നീ തള്ളിവിടരുത്.' മൈസറയുടെ സംസാരത്തിൽ പ്രതീക്ഷ തോന്നിയ നബി(സ) അയാളുമായി സംസാരിച്ചു. മൈസറ: 'താങ്കളുടേത് എത്ര നല്ല സംസാരം! പക്ഷേ, എന്റെ സമൂഹം എന്നെ ധിക്കരിക്കുന്നു. ആളുകളുടെ പിന്തുണ ഇല്ലാതെ എനിക്ക് നിലനിൽപ്പില്ലല്ലോ.' നബി(സ) ഇഛാഭംഗത്തോടെ അവിടെ നിന്നു പോയി. അബ്സ് ഗോത്രജർ അവരുടെ കേന്ദ്രത്തിലേക്ക് മടങ്ങി. പോകുംവഴി മൈസറ സ്വന്തക്കാരോട് പറഞ്ഞു: 'നമുക്ക് ഫദകിൽ പോയി അവിടത്തെ ജൂതന്മാരോട് മുഹമ്മദിനെപ്പറ്റി ചോദിച്ചറിയാം'. അവിടെ ചെന്ന് ജൂതന്മാരെ കണ്ട് കാര്യമന്വേഷിച്ചു. അവർ ഒരു ഏടെടുത്ത് നബിയെക്കുറിച്ച പരാമർശമുള്ള ഭാഗം വായിച്ചിട്ട് പറഞ്ഞു: 'ഈ ലക്ഷണങ്ങളോടു കൂടിയ ആളാണ് നിങ്ങളെ ക്ഷണിച്ചതെങ്കിൽ നിങ്ങൾ അയാൾക്ക് ഉത്തരം ചെയ്യുക. അയാളുടെ മതത്തിൽ പ്രവേശിക്കുക. ഞങ്ങൾക്ക് അയാളോട് അസൂയയുള്ളതിനാൽ ഞങ്ങൾ അയാളെ പിൻപറ്റില്ല. ഞങ്ങളും അയാളും തമ്മിൽ പല സ്ഥലങ്ങളിലും വെച്ച് ഏറ്റുമുട്ടാനിരിക്കുകയാണ്. അറബികൾ ഒന്നുകിൽ അയാളെ പിൻപറ്റുകയോ അയാളോട് യുദ്ധം നടത്തുകയോ ചെയ്യും. അതിനാൽ നിങ്ങൾ അയാളുടെ അനുയായികളാവുക'. അപ്പോൾ മൈസറ പറഞ്ഞു: 'നാട്ടുകാരേ, ഇക്കാര്യം വളരെ വ്യക്തമാണ്.' നാട്ടുകാർ: 'നമുക്ക് അടുത്ത ഹജ്ജ് കാലത്ത് അയാളെ ചെന്ന് കാണാം'. സംഘം നാട്ടിലേക്ക് തിരിച്ചു."

ഹജ്ജത്തുൽ വിദാഇൽ വെച്ച് മൈസറ നബിയെ കണ്ട് തിരിച്ചറിഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, താങ്കൾ ഞങ്ങളെ സമീപിച്ച അന്നു മുതൽക്കേ താങ്കളെ പിൻപറ്റാൻ എനിക്ക് അതീവ താൽപര്യമുണ്ടായിരുന്നു. പക്ഷേ, എന്തുചെയ്യാം, എന്റെ ഇസ്‌ലാം ആശ്ലേഷം വൈകിപ്പോയി.'' ഇത് പറഞ്ഞ് മൈസറ സത്യസാക്ഷ്യം ഉരുവിട്ടു.

* * * *

ഹജ്ജിനെത്തി ഉക്കാദിൽ തമ്പടിച്ച കിൻദ ഗോത്രജരെ നബി(സ) സമീപിച്ചു. അവർ വളരെ മൃദു സ്വഭാവികളായിരുന്നു. നബി അവരോട് പറഞ്ഞു: "ഞാൻ നിങ്ങളെ യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. നിങ്ങൾ നിങ്ങളെ എന്തിൽനിന്നെല്ലാം പ്രതിരോധിക്കുന്നുവോ, അവയിൽനിന്നെല്ലാം എന്നെയും പ്രതിരോധിക്കണം." ആളുകൾ അപ്പോൾ ഇങ്ങനെ പ്രതികരിച്ചു: "എന്തു നല്ല സംസാരം! പക്ഷേ, ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവന്ന ദൈവങ്ങളെ ഞങ്ങൾ ആരാധിക്കും." കൂട്ടത്തിലുണ്ടായിരുന്ന ഏറ്റവും പ്രായം കുറഞ്ഞയാൾ ഇടപെട്ടുകൊണ്ട് പറഞ്ഞു: "വേറെ ഏതെങ്കിലും സമൂഹങ്ങൾ വിശ്വസിക്കുന്നതിന് മുമ്പ് നിങ്ങൾ വേഗം വിശ്വസിക്കുക. ഒരു പുതിയ പ്രവാചകന്റെ ആഗമനകാലമായി എന്ന് യഹൂദികൾ പറയുന്നുണ്ട്." അപ്പോൾ മറ്റൊരാൾ പറഞ്ഞു: "നാട്ടുകാർ പുറത്താക്കിയ ഇയാളെ നിങ്ങൾ സംരക്ഷിക്കാനൊരുമ്പെടുകയോ? അറബികളോട് മൊത്തം യുദ്ധം ചെയ്യേണ്ട അവസ്ഥയാണ് പിന്നീടുണ്ടാവുക." നബി(സ) നിരാശയോടെ അവിടെനിന്ന് മടങ്ങി. അതിനിടെ, നാട്ടിലെത്തിയ സംഘത്തോട് ഒരു യഹൂദി പറഞ്ഞു: "നിങ്ങൾക്ക് തെറ്റുപറ്റി. അദ്ദേഹത്തെ പിൻപറ്റിയിരുന്നുവെങ്കിൽ നിങ്ങൾക്ക് അറബികളെ ഭരിക്കാമായിരുന്നു....." അടുത്ത വർഷത്തെ ഹജ്ജ് കാലത്ത് നബിയെ വന്നുകാണാമെന്ന് അവർ തീരുമാനിച്ചു. പക്ഷേ, ഗോത്രനേതാവ് ആ വർഷം ഹജ്ജിനു പോകാൻ ആരെയും അനുവദിച്ചില്ല. ഇസ്‌ലാമിനോട്

താൽപര്യമുണ്ടായിരുന്ന യഹൂദി മരണവേളയിൽ തനിക്ക് മുഹമ്മദിൽ വിശ്വാസമുണ്ടെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

* * * *

ആമിറുബ്നു സ്വഅ്സ്വഅ വംശം ഹജ്ജ് സീസണിൽ താമസിച്ചിരുന്നത് ഉക്കാദയിലായിരുന്നു. അവിടെ എത്തിയ നബി(സ) ചോദിച്ചു: 'നിങ്ങൾ ആരാണ്?' 'ആമിറുബ്നു സ്വഅ്സ്വഅ് വംശക്കാർ.' 'നിങ്ങൾക്ക് ശത്രുക്കളെ തടുക്കാൻ കഴിയുമോ?' 'തീർച്ചയായും.' 'ഞാൻ അല്ലാഹുവിന്റെ ദൂതനാണ്. എന്റെ രക്ഷിതാവിന്റെ ദൗത്യം ജനങ്ങൾക്കെത്തിക്കാൻ കഴിയുമാറ് നിങ്ങൾ എനിക്ക് സംരക്ഷണം തരണം. ഞാൻ നിങ്ങളെ ഒന്നിനും നിർബന്ധിക്കില്ല.' 'നിങ്ങൾ ഖുറൈശിലെ ഏതു വംശമാണ്?' 'അബ്ദുൽ മുത്ത്വലിബ് വംശജൻ'. 'അബ്ദുമനാഫ് വംശം നിങ്ങളോട് എന്തു നിലപാടാണ് സ്വീകരിച്ചത്?' 'എന്നെ ആദ്യമായി കളവാക്കിയതും ആട്ടിയോടിച്ചതും അവരാണ്.' 'ഞങ്ങൾ നിങ്ങളെ വിശ്വസിക്കുകയോ ആട്ടിയോടിക്കുകയോ ഇല്ല. താങ്കളുടെ നാഥന്റെ ദൗത്യം ജനങ്ങൾക്ക് എത്തിക്കാനാവശ്യമായ സംരക്ഷണം തന്നു കൊള്ളാം.' സംഘം ഉക്കാദ് ചന്തയിൽ ചരക്കുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനിടെ, നബി അങ്ങോട്ട് ചെന്നു. അപ്പോൾ, ബജ്റ ഇബ്നു ഫൈസിൽ ഖുറൈശി എന്നയാൾ ക്രോധാവേശത്തോടെ അട്ടഹസിച്ചു: 'നിങ്ങളുടെ അടുത്തു കാണുന്ന ഇവൻ ആരാണ്?' 'ഖുറൈശ് ഗോത്രജൻ മുഹമ്മദുബ്നു അബ്ദില്ല.' 'നിങ്ങൾക്കെന്താ അവനെക്കൊണ്ടു കാര്യം?' 'അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണത്രെ. തന്റെ സന്ദേശ പ്രചാരണത്തിന് നമ്മുടെ പിന്തുണയും സഹായവും തേടി വന്നതാണ്.' 'നിങ്ങൾ എന്തു മറുപടി കൊടുത്തു?' 'ഞങ്ങൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു. ഞങ്ങളുടെ നാട്ടിലേക്കുകൊണ്ടുപോയി എല്ലാ സംരക്ഷണവും നൽകാമെന്നേറ്റു.' 'ഈ ചന്തയിൽ നിന്ന് ഏറ്റവും മോശമായ ചരക്ക് വാങ്ങുന്നത് നിങ്ങളായിരിക്കും. അറബികൾ ഒന്നടങ്കം നിങ്ങൾക്കെതിരെ യുദ്ധത്തിന് വരും. അയാളെ പറ്റി അയാളുടെ നാട്ടുകാർക്കല്ലേ ഏറ്റവും നന്നായി അറിയുക. അയാളിൽ വല്ല നന്മയും കണ്ടിരുന്നുവെങ്കിൽ അവരാകുമായിരുന്നില്ലേ ഏറ്റവും വലിയ ഭാഗ്യവാന്മാർ! നാട്ടുകാർ തള്ളിപ്പറയുകയും കളവാക്കുകയും ചെയ്ത ഒരാളെ സഹായിക്കാൻ നിങ്ങൾ എടുത്ത തീരുമാനം വളരെ മോശമായിപ്പോയി. ഹജ്റ ക്രുദ്ധനായി നബിയോട് പറഞ്ഞു: 'എണീറ്റു പോ. ദൈവമാണ, നീ എന്റെ സംഘത്തിനൊപ്പമല്ലായിരുന്നുവെങ്കിൽ നിന്റെ കഴുത്ത് ഞാൻ വെട്ടുമായിരുന്നു.' നബി(സ) വ്രണിതചിത്തനായി ഒട്ടകപ്പുറത്തുകയറി യാത്രക്കൊരുങ്ങി. അപ്പോൾ ദുഷ്ടൻ ബജ്റ ഒട്ടകത്തിന്റെ ഊരക്ക് കുത്തി നോവിച്ചു. അത് വിരണ്ടു ചാടി. നബി(സ) അതിന്റെ പുറത്തുനിന്ന് വീണു.

* * * *

ഹജ്ജിനെത്തിയ ആമിറുബ്നു സ്വഅ്സ്വഅ വംശജരെ ന ബ ി (സ) ഇസ്ലാമിലേക്ക് ക്ഷണിച്ചു. അപ്പോൾ സംഘത്തിലുണ്ടായിരുന്ന ബുഹൈറ്ബ്നു ഫിറാസ് ചോദിച്ചു: 'ഞങ്ങൾ താങ്കളെ പിൻപറ്റുകയും ഭാവിയിൽ താങ്കൾ വിജയിക്കുകയുമാണെങ്കിൽ താങ്കൾക്കു ശേഷം അധികാരം ഞങ്ങൾക്കായിരിക്കുമോ?' നബി: 'അധികാരം അല്ലാഹുവിന്റേതാണ്. അത് അവൻ ഉദ്ദേശിക്കുന്നേടത്ത് സ്ഥാപിക്കും.' ബുഹൈറ: 'നിങ്ങൾക്കു വേണ്ടി ഞങ്ങൾ അറബികൾക്ക് നെഞ്ചു കാണിച്ചുകൊടുക്കണമോ? താങ്കൾ ജയിച്ചാലോ, അധികാരം ഞങ്ങൾക്ക് ലഭിക്കുകയുമില്ല. ഞങ്ങൾക്ക് ഈ ക്ഷണം സ്വീകാര്യമല്ല'. ഹജ്ജ് കഴിഞ്ഞ് ആളുകൾ നാട്ടിലേക്ക് തിരിച്ചു. ആമിർ വംശജർ തങ്ങളുടെ ഗോത്രത്തിലെ ഒരു വയോവൃദ്ധനെ സമീപിച്ച് നബിയെ കണ്ട കാര്യം പറഞ്ഞു. ഓരോ വർഷവും ഹജ്ജു വിശേഷങ്ങൾ അവർ അദ്ദേഹത്തെ കേൾപ്പിക്കാറുണ്ടായിരുന്നു. പതിവുപോലെ വൃദ്ധൻ വിശേഷങ്ങൾ ആരാഞ്ഞപ്പോൾ അവർ പറഞ്ഞു: 'ഖുറൈശീ ഗോത്രത്തിലെ അബ്ദുൽ മുത്ത്വലിബ് വംശജനായ ഒരു യുവാവ് താൻ നബിയാണെന്നും പറഞ്ഞ് ഞങ്ങളെ അവനിൽ വിശ്വസിക്കാനും ശത്രുക്കളിൽനിന്ന് രക്ഷിക്കാനും കൂടെ നിൽക്കാനും അവനെയും കൂട്ടി നാട്ടിലേക്ക് പോകാനും ആവശ്യപ്പെട്ടു.' ഇതു കേട്ടപ്പോൾ വൃദ്ധൻ തലയിൽ കൈ വെച്ച് പറഞ്ഞു: 'ആമിർ വംശമേ! ദൈവമാണ, മുഹമ്മദ് കളവ് പറയുകയായിരുന്നില്ല. അത് സത്യമാണ്; നിങ്ങൾ എന്തുകൊണ്ട് അനുകൂലമായി മറുപടി പറഞ്ഞില്ല.'

* * * *

അബ്ബാസ് (റ) ഉദ്ധരിക്കുന്നു. രഹസ്യപ്രബോധനഘട്ടത്തിൽ നബി(സ) എന്നോട് പറഞ്ഞു: (അന്ന് അബ്ബാസ് മുസ്ലിമല്ല) 'നിങ്ങൾക്കോ നിങ്ങളുടെ സഹോദരനോ (അബൂത്വാലിബ്) എനിക്ക് സംരക്ഷണം തരാൻ കഴിയില്ല. നാളെ നിങ്ങൾ എന്റെ കൂടെ ചന്തയിലേക്ക് വരണം.' അങ്ങനെ നബി(സ) അബ്ബാസിനൊപ്പം വിവിധ ഗോത്രങ്ങൾ തമ്പടിച്ച കേന്ദ്രങ്ങളിലെത്തി. അബ്ബാസ് ഓരോ ഗോത്രത്തെയും നടന്നു കാണിച്ച് പരിചയപ്പെടുത്തി. 'ഇത് കിൻദ ഗോത്രം. യമനിൽനിന്ന് ഹജ്ജിന് എത്തുന്നവരിൽ ഏറ്റവും ഉത്തമർ ഇവരാണ്. ഇത് ബക്റുബ്നു വാഇൽ ഗോത്രം... ഇത് ആമിറുബ്നു സ്വഅ്സ്വഅ വംശം... ആരെ കാണണമെന്ന് തീരുമാനിച്ചോളൂ.' ആദ്യം സമീപിച്ചത് കിൻദ ഗോത്രത്തെയായിരുന്നു. 'നിങ്ങൾ എവിടത്തുകാരാണ്?' നബി ചോദിച്ചു. 'യമൻ.' 'യമനിലെ ഏതു ഗോത്രം?' 'കിൻദ'. 'കിൻദ ഗോത്രത്തിലെ ഏതു വംശം?' 'അംറുബ്നു മുആവിയ വംശം.' 'നിങ്ങൾ നല്ലതിലേക്ക് വരുന്നോ?' 'ഏതു നന്മ?' 'അല്ലാഹു അല്ലാതെ ദൈവമില്ലെന്ന് സാക്ഷ്യം വഹിക്കുക. നമസ്കാരം നിലനിർത്തുക, അല്ലാഹുവിങ്കൽനിന്ന് വന്നതിൽ-ഖുർആൻ-വിശ്വസിക്കുക.' 'താങ്കൾ ജയിച്ചാൽ, താങ്കൾക്കു ശേഷം അധികാരം ഞങ്ങൾക്ക് തരുമോ?' 'അധികാരം അല്ലാഹുവിന്റേതാണ്. അത് അവൻ ഉദ്ദേശിച്ചവർക്ക് നൽകും.' അവർക്കത് സ്വീകാര്യമായില്ല. പിന്നെ നബി(സ) ബക്റുബ്നു വാഇൽ ഗോത്രത്തെ സമീപിച്ചു: 'നിങ്ങൾ ആരാണ്?' 'ബക്റുബ്നു വാഇൽ ഗോത്രം.' 'ഏതു വംശം?' 'ബക്റ് ഗോത്രത്തിലെ ഖൈസുബ്നു സഅ്ലബ വംശം.' 'നിങ്ങളുടെ സംഖ്യ?' 'നക്ഷത്രങ്ങളെ പോലെ പെരുത്തുണ്ട്.' 'നിങ്ങൾക്ക് സംരക്ഷണം തരാൻ കഴിയുമോ?' 'ഇല്ല. പേർഷ്യയോടടുത്താണ് ഞങ്ങളുടെ നാട്. അവരിൽനിന്ന് സംരക്ഷണം തരാൻ കഴിയില്ല.' 'നിങ്ങൾ മുപ്പത്തിമൂന്നു തവണ സുബ്ഹാനല്ലാ, അൽഹംദുലില്ലാ, അല്ലാഹു അക്ബർ എന്നു പറയാൻ തയാറായാൽ പേർഷ്യൻ പ്രദേശങ്ങൾ നിങ്ങളുടെ അധീനതയിൽ വരും.' 'നിങ്ങൾ ആരാണ്?' 'ഞാൻ അല്ലാഹുവിന്റെ ദൂതൻ.' ഈ സമയത്തൊക്കെ നബിയുടെ പിതൃവ്യൻ അബൂലഹബ് നബിയുടെ പിന്നാലെ നടന്ന്, ഹജ്ജിനെത്തിയവരോട് മുഹമ്മദ് പറയുന്നത് കേൾക്കരുതെന്നും അവന് ഭ്രാന്താണെന്നും പറഞ്ഞുകൊണ്ടിരുന്നു. അതു കേട്ടപ്പോൾ കിൻദ ഗോത്രജൻ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: "പേർഷ്യയെ കീഴടക്കാം എന്നു പറഞ്ഞപ്പോൾ തന്നെ അവന് കിറുക്കാണെന്ന് ഞങ്ങൾക്ക് മനസ്സിലായി."

* * * *

നബീഅ ഇബ്നു അബ്ബാദ് പറയുന്നു: "ഞാൻ മിനായിൽ

എന്റെ പിതാവിനൊപ്പം കഴിയവെ, നബി(സ) വിവിധ അറബ് ഗോത്രങ്ങളെ മാറിമാറി സമീപിച്ചുകൊണ്ടിരുന്നു. 'ഹേ, ഗോത്രമേ! ഞാൻ നിങ്ങളിലേക്ക് നിയോഗിതനായ അല്ലാഹുവിന്റെ ദൂതനാണ്. നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യണമെന്നും അവനിൽ ഒന്നിനെയും പങ്കുചേർക്കരുതെന്നും അല്ലാഹുവെ കൂടാതെ ആരാധിച്ചുകൊണ്ടിരിക്കുന്നവയെയെല്ലാം കൈയൊഴിണമെന്നും എന്നിൽ വിശ്വസിക്കണമെന്നും എന്റെ ദൗത്യം ജനങ്ങൾക്ക് വിശദീകരിക്കുമ്പോൾ എനിക്ക് സംരക്ഷണം തരണമെന്നും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു.' നബി(സ) വിവിധ ഗോത്രങ്ങളെ സമീപിച്ച് ഈവക കാര്യങ്ങൾ പറയുമ്പോൾ, അദ്ദേഹത്തിന്റെ പിന്നിൽ, ഏദൻ നിർമിത വസ്ത്രം ധരിച്ച ഒരു സുന്ദരൻ നിലയുറപ്പിക്കുമായിരുന്നു. നബി(സ) സംസാരം നിർത്തിയാൽ അയാൾ ഇങ്ങനെ പറയുമായിരുന്നു: 'ലാത്ത, ഉസ്സാ ദൈവങ്ങളെ കൈയൊഴിഞ്ഞ് ഇവൻ കൊണ്ടുവന്ന ബിദ്അത്തും ദലാലത്തും പിന്തുടരണമെന്നാണ് ഇവൻ പറയുന്നത്. ഇത് നിങ്ങൾ കേൾക്കുകയോ അനുസരിക്കുകയോ ചെയ്യരുത്.' ഇയാൾ ആരാണെന്ന് ഞാൻ എന്റെ പിതാവിനോട് ചോദിച്ചപ്പോൾ, 'ഇദ്ദേഹത്തിന്റെ പിതൃവ്യൻ അബൂലഹബ്' എന്ന് മറുപടി പറഞ്ഞു."

* * * *

അലി(റ) പ്രസ്താവിക്കുന്നു: "അൻസ്വാറുകളെ സ്നേഹിക്കാത്തവനും അവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കാത്തവനും സത്യവിശ്വാസിയല്ല. അല്ലാഹുവാണ, കുതിരക്കുട്ടിയെ വളർത്തിയെടുക്കുന്നതുപോലെ അവർ ഇസ്‌ലാമിനെ വളർത്തിയെടുത്തു. നബി(സ) ഹജ്ജ് കാലങ്ങളിൽ ഗോത്രങ്ങളെ സമീപിച്ച് ഇസ്‌ലാമിലേക്ക് ക്ഷണിച്ചിരുന്നു. ആരും അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ചില്ല. മിജന്നയിലും ഉക്കാദിലും മിനായിലും ചെന്ന് അദ്ദേഹം ഗോത്രങ്ങളെ അഭിമുഖീകരിച്ചു. ഓരോ വർഷവും ഇത് ആവർത്തിച്ചു. ചില ഗോത്രക്കാർ 'ഞങ്ങളെ ക്ഷണിച്ച് ക്ഷണിച്ച് നിനക്ക് മടുത്തില്ലേ?' എന്നുവരെ ചോദിച്ചു. അങ്ങനെയിരിക്കെയാണ്, നബി(സ) അൻസ്വാറുകളെ ക്ഷണിച്ചതും അവർ ക്ഷണം സ്വീകരിച്ചതും അഭയം നൽകിയതും സഹായിച്ചതുമെല്ലാം. ഞങ്ങൾ മദീനയിൽ ചെന്നു അവരുടെ വീടുകളിൽ താമസിച്ചു. ഞങ്ങളെ സ്വീകരിക്കാൻ അവർ മത്സരിച്ചു. അവരുടെ സ്വത്തുക്കളിൽ അവരേക്കാൾ ഞങ്ങൾക്ക് അവകാശം ലഭിച്ചു. പിന്നീട് അവർ പ്രവാചകനു വേണ്ടി തങ്ങളെത്തന്നെ ബലിയർപ്പിച്ചു."

> **ഹജ്ജും ദഅ്‌വത്തും തമ്മിൽ അഭേദ്യബന്ധമുണ്ട്. മൂന്നു വർഷം രഹസ്യപ്രബോധനം നടത്തിയ നബി(സ) നാലാം വർഷം മുതൽ പത്തു വർഷക്കാലം ഉക്കാദ്, മിജന്ന, ദുൽമജാസ് മുതലായ സ്ഥലങ്ങളിൽ തമ്പടിക്കുന്ന ഹാജിമാരെ നേരിൽ കണ്ട് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ഇസ്‌ലാമിക ദഅ്‌വത്ത് നടത്താൻ ആവശ്യമായ പിന്തുണ തേടുകയും ചെയ്തുകൊണ്ടിരുന്നു.**

* * * *

സഅ്ദുബ്നുർറബീഇന്റെ മകൾ ഉമ്മുസഅ്ദ് ഉദ്ധരിക്കുന്നു: "നബി(സ) വിവിധ ഗോത്രങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് മക്കയിൽ കഴിച്ചുകൂട്ടി. അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. അങ്ങനെയിരിക്കെ, അൻസ്വാറുകൾ വഴി അല്ലാഹു അദ്ദേഹത്തെ ആദരിച്ചു. ഒരു ഹജ്ജ് വേളയിൽ, അഖബയുടെ അടുത്തു വെച്ച് മുടികളയുകയായിരുന്ന ഏതാനും പേരെ നബി(സ) അവിടെ ചെന്നു കണ്ടു. ഞാൻ ഉമ്മയോട് ചോദിച്ചു: 'ഉമ്മാ, അവർ ആരാണ്, എത്ര പേരാണ്?' 'അവർ ആറോ ഏഴോ പേരുണ്ട്.' നബി(സ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ഖുർആൻ ഓതിക്കേൾപ്പിച്ചു. അവർ അല്ലാഹുവിനും അവന്റെ ദൂതനും ഉത്തരം ചെയ്തു." നബി(സ) മക്കയിൽ എത്ര വർഷം താമസിച്ചു എന്ന ചോദ്യത്തിന് അബൂസ്വിർമയുടെ ഒരു കവിതയായിരുന്നു മറുപടി.

ثَوَى فِي قُرَيشٍ بِضْعَ عَشْرَةَ حَجَّةً   يُذَكِّرُ لَوْلاقى صديقًا مُوَاتِيًا

(അദ്ദേഹം (നബി) പത്തോളം ഹജ്ജുകാലം സാരോപദേശം നടത്തി ഖുറൈശികളിൽ കഴിച്ചുകൂട്ടി; തനിക്ക് അനുയോജ്യനായ ചങ്ങാതിയെ കണ്ടുകിട്ടുമോ എന്നറിയാനായി).

* * * *

നബി(സ) ഹജ്ജ് കാലം ഇസ്‌ലാമിക പ്രബോധനത്തിനായി പ്രയോജനപ്പെടുത്തിയതിന്റെ ഉജ്ജ്വലമായ ഏതാനും ഉദാഹരണങ്ങളാണിവ. ഈ സംഭവങ്ങൾ നമുക്ക് പല സന്ദേശങ്ങളും നൽകുന്നില്ലേ? 'തീർച്ചയായും മനുഷ്യർക്കായി ഉണ്ടാക്കിയ ആദ്യദേവാലയം മക്കയിലേതുതന്നെ. അത് അനുഗൃഹീതമാണ്. ലോകകർക്കാകെ വഴികാട്ടിയും' (*ആലുഇംറാൻ* 96) എന്ന സൂക്തത്തിൽ രണ്ടു തവണ അല്ലാഹു കഅ്ബയെ, മനുഷ്യരുമായി (മുസ്‌ലിംകളുമായല്ല) ബന്ധപ്പെടുത്തുന്നു. മുസ്‌ലിംകൾ കഅ്ബയിൽ വന്ന് ഹജ്ജ് ചെയ്ത് തിരിച്ചുപോയാൽ മാത്രം കഅ്ബയുടെ ദൗത്യം അഥവാ സന്മാർഗ പ്രചാരണമെന്ന ദൗത്യം പൂർത്തിയാവില്ലെന്ന് അർഥം. മറ്റു തീർഥാടകരെ പോലെയാണോ ഹിജാമാർ? ഹജ്ജിന് പോകുന്നതിനു മുമ്പും ശേഷവും അവർക്ക് പ്രത്യേക ദൗത്യമൊന്നും ഏറ്റെടുക്കാനില്ലേ? ഒരു ഹജ്ജ് വേളയിൽ മുആവിയ(റ) അറബ് സമൂഹത്തോട്, ജനങ്ങൾക്കു വേണ്ടി നബി(സ) ഏറ്റെടുത്ത ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആവശ്യപ്പെട്ടത് കാണാം (ഇബ്നു കസീർ, *ആലുഇംറാൻ* 104 -109ന്റെ വിശദീകരണം കാണുക). ലോകരാജ്യങ്ങളിൽനിന്ന് ഹജ്ജിനെത്തുന്നവർക്ക് അതത് നാടുകളിൽ ഇസ്‌ലാമിക പ്രബോധനവും പ്രവർത്തനങ്ങളും നടത്താൻ ആവശ്യമായ മാർഗനിർദേശങ്ങൾ ലഭിക്കുകയും വരുംവർഷങ്ങളിൽ അവയുടെ വിലയിരുത്തലുകൾ നടക്കുകയും ചെയ്യുന്ന പരിപാടികൾ ആവിഷ്കരിച്ചിരുന്നുവെങ്കിൽ, ആരാധനയും അനുഷ്ഠാനവും എന്നതിനപ്പുറം ഇസ്‌ലാമിക ദഅ്‌വത്ത് കൂടി ലക്ഷ്യമിടുന്ന ആഗോള ഉച്ചകോടിയായി ഹജ്ജ് സാർഥകമായേനെ. ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയേണ്ടതാണ്. ■

**അവലംബം**


1. *അൽബിദായ വന്നിഹായ*, ഇബ്നു കസീർ
2. *ദലാഇലുന്നുബുവ്വ*, അബൂനുഐം
4. *ഹയാത്തുസ്സ്വഹാബ*, മുഹമ്മദുബ്നു യൂസുഫ് അൽ കാന്തലവി